പ്രൊവിഷൻ ഓഫ് കളക്ഷൻ ഓഫ് ടാക്സ് അനുസരിച്ച് നമ്മൾ നികുതി പിരിക്കുന്നു. എല്ലാ വശവും പരിശോധിച്ച് നിശ്ചയമായും നടപടി സെക്ഷൻ 10 അനുസരിച്ച് എടുക്കുമെന്നു പറഞ്ഞതാണ്. അത് ഇന്ന് ചെയ്യണമെന്നാണ്. ഫിനാൻസ് ബിൽ ലേ ചെയ്യാതെ പോയാൽ എങ്ങനെയാണ്?

മി. സ്പീക്കർ : അതു കേൾക്കാതെ പോയതിൽ അങ്ങേയ്ക്ക് വിഷമമുണ്ട് അല്ലേ?

ശ്രീ. ടി. ശിവദാസമേനോൻ : സാങ്കേതികമായി ചെയ്യാൻ പറ്റാത്ത ഒരു കാര്യം ഇന്നുതന്നെ ചെയ്യണമെന്നാണ് പ്രതിപക്ഷം പറയുന്നത്. ഇവിടെ കരിക്കിന്റെ നികുതിയുടെ കാര്യം പറഞ്ഞു. ഇവിടെ ആരും കരിക്ക് വിൽക്കാറില്ല. ഇവിടെ കൊപ്ര കിട്ടും. തമിഴ്നാട്ടിൽ നിന്നുള്ള കരിക്കാണ് ഇവിടെ വരുന്നത്. വളരെ ക്രിയാത്മകമായൊരു സമീപനം ഞാൻ എടുത്തിട്ട്, ഇതെല്ലാം ഗവൺമെന്റിനുവേണ്ടി പറഞ്ഞിട്ട് ഫിനാൻസ് ബിൽ ഇവിടെ അവതരിപ്പിക്കാമെന്നു പറഞ്ഞിട്ട്, അതുകഴിഞ്ഞ് സെക്ഷൻ 10 ഇൻവോക്ക് ചെയ്യുന്ന കാര്യം ആലോചിക്കാമെന്നു പറഞ്ഞാൽ..

മി. സ്പീക്കർ : അങ്ങനെ ഇറങ്ങിപ്പോയത് ഓർഡറിലാണോ എന്നാണ് അങ്ങയുടെ ചോദ്യം. അല്ലേ?

ശ്രീ. ടി. ശിവദാസമേനോൻ : അതെ. അങ്ങനെയിരിക്കെ, when the promise is in the House, പിന്നെ ഇറങ്ങി പോകുന്നതു ഓർഡറിലാണോ? (പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോയി. അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

III. ശ്രദ്ധക്ഷണിക്കൽ

സംസ്ഥാനത്ത് കൂടുതൽ ജല വൈദ്യുത പദ്ധതികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, കൂടുതൽ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കണമെന്നും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള, ഇത്തരം പദ്ധതികൾക്ക് അടിയന്തിരമായി അനുവാദം നേടിയെടുക്കണമെന്നും ചെറുകിട-വൻകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകയും, ആരംഭിച്ചത് അടിയന്തിരമായി, യുദ്ധകാലാടിസ്ഥാനത്തിൽ, പൂർത്തീകരിക്കുകയും ചെയ്യുന്നതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ശ്രദ്ധ ക്ഷണിക്കുന്നത്. ജനദ്രോഹപരമായ കേന്ദ്ര വൈദ്യുതി നയം കേരളത്തെ കൂടുതൽ വിഷമകരമായ അവസ്ഥയിലേയ്ക്ക് നീക്കുകയാണ്. കേന്ദ്ര പദ്ധതികളിൽനിന്നും സംസ്ഥാനങ്ങൾക്ക് നിശ്ചിത അളവിൽ വൈദ്യുതി ഗൽകിയിരിക്കണമെന്ന വ്യവസ്ഥ എടുത്തുകളഞ്ഞ് പണം നൽകുന്ന സംസ്ഥാനങ്ങൾക്ക് മാത്രം വൈദ്യുതി നൽകിയാൽ മതിയെന്നുമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴത്തെ തീരുമാനം. ഇത് സംസ്ഥാന-കേന്ദ്ര ബന്ധത്തെത്തന്നെ, അതിന്റെ ഫെഡറൽ സംവിധാനത്തെതന്നെ തകർക്കും. ഇത് പുത്തൻ സാമ്പത്തികനയത്തിന്റെ വൈദ്യുതി മേഖലയിലേയ്ക്കുള്ള വ്യാപനമാണ്. താപവൈദ്യുത നിലയം സ്ഥിതിചെയ്യുന്ന സംസ്ഥാനത്ത് അതിൽനിന്ന് നൂറു ശതമാനം വൈദ്യുതി നൽകണമെന്നാണ് മുൻ തീരുമാനം. ജലവൈദ്യുതിയുടെ 12 ശതമാനം അത്തരം സംസ്ഥാനങ്ങൾക്ക് സൗജന്യമായി ലഭിക്കേണ്ടതാണ്. ഇതെല്ലാംതന്നെ അട്ടിമറിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയമാണ് പുതിയതായി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ പ്രത്യേക സാഹചര്യത്തിൽ ഞാൻ ആദ്യം ചൂണ്ടിക്കാണിച്ച ജലവൈദ്യുത

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളും ചെറുതും വലുതുമായ താപവൈദ്യുത പദ്ധതികളും അടിയന്തിര മായി ആരംഭിക്കുകയും ആരംഭിച്ചവ പൂർത്തീകരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത കൂടുതൽ വ്യക്തമാക്കുകയാണ്. കേരളത്തിന്റെ ഊർജ്ജ വികസനം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അജണ്ടയിലെ മുഖ്യ ഇനമായിരുന്നു. കാർഷിക വ്യാവസായിക വളർച്ചയ്ക്ക്, കേരളീയ സമൂഹത്തിന്റെ വർദ്ധിച്ചു വരുന്ന ഉപഭോഗത്തിനും, പ്രത്യേകിച്ച് ഗൃഹാആവശ്യങ്ങൾക്ക് ഉൾപ്പെടെ, വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടത് ഒഴിവാക്കാനാകാത്ത കാര്യമാണ്. വികസിത സമുദായത്തിന്റെ എല്ലാ തരത്തിലുള്ള വളർച്ചയ്ക്കും അടിസ്ഥാന മായിട്ടുള്ളതാണ് വൈദ്യുതി. ഒരു ഘട്ടത്തിൽ വൈദ്യുതി കേരളത്തിൽ യഥേഷ്ടമുണ്ടായിരുന്നു എന്നുള്ളതായിരുന്നു തെറ്റായ ഒരു ധാരണ. പക്ഷേ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് വൈദ്യുതി ഒരു കിട്ടാക്കനിയായിട്ട് മാറുകയുണ്ടായി. ദിവസങ്ങളോളം, മണിക്കൂറുകളോളം നീണ്ടു നിൽക്കുന്ന പവർകട്ട് ഉണ്ടായിരുന്നു. വ്യവസായങ്ങൾക്ക് ചിലപ്പോൾ 100 ശതമാനം തന്നെ പവർകട്ട് ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സാഹചര്യവുമൊക്കെ കേരളത്തിലെ ജനങ്ങൾ അനുഭവിക്കുകയുണ്ടായി. ലോഡ് ഷെഡ്ഡിംഗുമെല്ലാം ചേർന്ന് വൈദ്യുതിയുടെ ക്ഷാമം ജനജീവിതം അടിമുടി ദുരിതത്തിലാക്കുന്ന ഒരു അവസ്ഥയിലെത്തി. ഇങ്ങനെയുള്ള ഒരു പ്രത്യേക സാഹചര്യത്തിലാണ് 1996-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. ഏത് സ്രോതസ് ഉപയോഗിച്ചുകൊണ്ടും വൈദ്യുതി ഉൽപ്പാദിപ്പിക്കാനും കേന്ദ്ര പൂളിൽനിന്നും ബംഗാളിൽനിന്നുമുൾപ്പെടെ വൈദ്യുതി വാങ്ങി കേരളത്തിലെ ജനങ്ങളുടെ പ്രയാസങ്ങൾക്ക് പരിഹാരം കാണുന്നതിനും വേണ്ടി ഫലപ്രദമായ ചില നീക്കങ്ങൾ, കേരള ഗവൺമെന്റ്, പ്രത്യേകിച്ച് നമ്മുടെ വകുപ്പുമന്ത്രി ഉൾപ്പെടെ നടത്തി എന്നുള്ളത് പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ്. രണ്ടായിരമാണ്ടോടുകൂടി കേരളം ആവശ്യമുള്ളത്ര വൈദ്യുതി ഉൽപ്പാദിപ്പിച്ച് സമ്പൂർണ്ണമായ രീതിയിൽ വൈദ്യുതി നയം അംഗീകരിച്ച് നടപ്പിലാക്കുമെന്ന് വ്യക്തമാക്കിയിരുന്നതാണ്. ഈ മേഖലയിൽ വമ്പിച്ച വിജയം കൈവരിക്കുകയുണ്ടായി. വൈദ്യുതി ഉൽപ്പാദന മേഖലയിൽ റിക്കാർഡ് ഉൽപ്പാദനമായിരുന്നു. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ പണി തീർത്ത ആണവനിലയങ്ങൾ സംബന്ധിച്ച് ഉത്ബുദ്ധതയുടെ നാടായ കേരളത്തിൽ ബോധമനസ്സിന് പൊരുത്തപ്പെടുവാൻ സാധിക്കാത്ത വൈരുധ്യങ്ങളുള്ള പശ്ചാത്തലത്തിൽ ഈ മേഖല നമുക്ക് അന്യമായിപ്പോയിരിക്കുകയാണ്. നിർമ്മാണ ഘട്ടത്തിൽ കൂടുതൽ മുതൽമുടക്ക് വേണ്ടിവരുമെങ്കിലും ഉൽപ്പാദനച്ചെലവ് നാമമാത്രമായി മതിയാകുന്ന ജലവൈദ്യുത പദ്ധതികളാണ് കേരളത്തിൽ ഏറെ അനുയോജ്യമായവ. ഒരു യൂണിറ്റ് താപവൈദ്യുതിയ്ക്ക് മൂന്ന് രൂപ അമ്പത് പൈസ കൊടുക്കേണ്ട അവസ്ഥവരികയാണ്. അതിന്റെ മാർക്കറ്റ് റേറ്റ് പരിശോധിച്ചുനോക്കിയാൽ അഞ്ചു രൂപയിൽക്കൂടുതൽ ആകുമെന്നാണ് കാണുന്നത്. ഇടുക്കി പദ്ധതിയിൽ നിന്നു ലഭിക്കുന്ന വൈദ്യുതിക്ക് നമുക്ക് 10 പൈസയാണ് ഇപ്പോൾ വിലവരുന്നത്. പുതിയ ജലവൈദ്യുത പദ്ധതികൾ വരുമ്പോൾ സ്വാഭാവികമായി അതിന്റെ നിർമ്മാണ ചെലവുൾപ്പെടെ ചേർത്താൽ ഒരു രൂപ മാത്രമായിരിക്കും ഒരു യൂണിറ്റ് വൈദ്യുതിയുടെ വില. കേരളം ഗുരുതരമായ വൈദ്യുതി പ്രതിസന്ധി അഭിമുഖീകരിക്കുന്ന ഘട്ടത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഈ സന്ദർഭത്തിൽ വളരെവേഗം തന്നെ ഈ മേഖലയിൽ ഫലപ്രദമായ രീതിയിലുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നതിന് താപനിലയങ്ങൾ ഒഴിച്ചുകൂടാനാകാത്ത ഒന്നായിരുന്നു. അന്ന് 'നാഫ്ത'യ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ടണ്ണിന് ആറായിരം രൂപയായിരുന്നു വിലയുണ്ടായിരുന്നത്. അപ്പോൾ രണ്ടു രൂപാ മുപ്പതു പൈസയെങ്കിലും ഒരു യൂണിറ്റ് വൈദ്യുതിക്ക് വില വരുമായിരുന്നു. ഇന്ന് അത് 17,000 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഇനി വില കുറയുമെന്ന് പ്രതീക്ഷിക്കാൻ പറ്റില്ല. നാഫ്തയ്ക്ക് ടണ്ണിന് 17,000 രൂപ വിലയായാൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് അഞ്ചു രൂപ നാൽപ്പത് പൈസ കൊടുക്കേണ്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങളെത്തും. അങ്ങനെ വരുമ്പോൾ കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങൾ കേരളത്തിലുണ്ടാകും. ആ സാഹചര്യത്തെ മറികടക്കാൻ നമുക്ക് സാധിക്കണമെങ്കിൽ കേരളത്തിന്റെ ആവശ്യത്തിനനുസരിച്ച് ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നമുക്ക് സാധിക്കണം. സൈലന്റ് വാലി, പൂയംകുട്ടി തുടങ്ങിയ പദ്ധതികൾക്ക് കേന്ദ്രത്തിന്റെ അനുമതി ഇപ്പോഴും ലഭിച്ചിട്ടില്ല. പരിസ്ഥിതി പ്രശ്നമുൾപ്പെടെ ഉന്നയിച്ചുകൊണ്ട് ആ പദ്ധതികൾക്കൊന്നും അനുവാദം നൽകാത്ത സ്ഥിതി ഇപ്പോഴും തുടരുകയാണ്. താപവൈദ്യുതനിലയം ആരംഭിക്കുന്നതിന് ആലോചിച്ച സ്ഥലങ്ങൾതന്നെ പരിസ്ഥിതി പ്രശ്നത്തിന്റെ പേരിൽ.....ആ പരിപാടി നടത്താൻ സാധിക്കാത്തതിന്റെ ഉദാഹരണമാണ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. ജലവൈദ്യുത പദ്ധതികൾ ഫലപ്രദമായി നടത്താനും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാനും നമുക്ക് സാധിക്കേണ്ടതുണ്ട്. വൻകിട ജലവൈദ്യുത പദ്ധതികൾ മാത്രമല്ല, ചൈനീസ് ടെക്നോളജിയെ അടിസ്ഥാനപ്പെടുത്തി വലിയ ഒഴുക്കില്ലാത്ത, ചെറിയ രീതിയിൽ ഒഴുകിക്കൊണ്ടിരിക്കുന്ന നദികളിൽനിന്നുപോലും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്ന ടെക്നോളജി നമുക്ക് മിക്കവാറും കരഗതമാകുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. അതും ഫലപ്രദമായി ഉപയോഗിക്കാൻ നമുക്ക് സാധിക്കണം. കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള ആതിരപ്പള്ളി, 163 മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ്. ചെങ്കുളം ആഗ്മെന്റേഷൻ (84 മെഗാവാട്ട്) പദ്ധതിയുടെ പണി അടിയന്തിരമായി പൂർത്തിയാക്കാൻ കഴിയണം. കേന്ദ്രാനുമതി ലഭിക്കേണ്ടിയിരിക്കുന്ന കുരിയാർകുറ്റി (184 മെഗാവാട്ട്), പൂയംകുട്ടി (240 മെഗാവാട്ട്), മാനന്തവാടി (225 മെഗാവാട്ട്), കേരള ഭവാനി (150 മെഗാവാട്ട്), പമ്പാർ (35 മെഗാവാട്ട്) എന്നീ പദ്ധതികൾക്ക് അനുമതി ലഭ്യമാക്കി പണി ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ടെണ്ടർ വിളിച്ചിട്ടുള്ള കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (100 മെഗാവാട്ട്), തോട്ടിയാർ (70 മെഗാവാട്ട്), ചാലക്കുടി (60 മെഗാവാട്ട്) തുടങ്ങിയ പദ്ധതികളും വളരെ വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കണം. 18 ചെറുകിട ജലവൈദ്യുത പദ്ധതികളുടേയും 107 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്ന പദ്ധതികളുടേയും ചൈനീസ് പങ്കാളിത്തത്തോടുകൂടിയുള്ള 12 ചെറുകിട പദ്ധതികളുടേയും 54 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്ന പദ്ധതികളുടേയും പണി യുദ്ധകാലാടിസ്ഥാനത്തിൽ, കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക നയംകൂടി ഉയർന്നുവന്ന പശ്ചാത്തലത്തിൽ അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. അതുപോലെ സിയാസിൻ, കൊച്ചിൻ (1200 മെഗാവാട്ട്), കെ.പി. പുരം (513 മെഗാവാട്ട്), കൊച്ചിൻ റിഫൈനറി (500 മെഗാവാട്ട്) തുടങ്ങി 4571 മെഗാവാട്ട് താപ വൈദ്യുത പദ്ധതിയുടെ ഭാഗമായിട്ടുള്ള പരിപാടിയും ഇപ്പോൾത്തന്നെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതാണ്. ഇവയുടേയും പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. ഞാൻ ഓരോന്നിന്റെയും ലിസ്റ്റ് ഇവിടെ വിശദീകരിക്കുന്നില്ല. 5713 മെഗാവാട്ട് വൈദ്യുതി ഏകദേശം 10 വർഷം കഴിയുമ്പോൾ അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് ഇപ്പോഴിവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് വളരെ വേഗം ഈ

LIBRARY ARCHIVES Kerala Legislative Assembly

കാലയളവിൽ ജലവൈദ്യുതി രംഗത്ത് 2197 മെഗാവാട്ടിന്റെ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇത്രയും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി അടിയന്തിരമായി കമ്മിഷൻ ചെയ്യാൻ കഴിയുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ മുന്നോട്ടു നീങ്ങുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കേരളത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയെക്കുറിച്ച് നമുക്കറിയാം. അതിനെ കൂടുതൽ ബാധിക്കുന്ന രീതിയിൽ, വില കൂടുതൽ കൊടുക്കേണ്ടിവരുന്ന അവസ്ഥ വരുമ്പോൾ താപവൈദ്യുത നിലയത്തേക്കാൾ പ്രധാനമായി ചെറുകിട-വൻകിട ജലവൈദ്യുത പദ്ധതികളെ കാണാൻ കഴിയണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി, കഴിഞ്ഞ പ്രാവശ്യം ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്, മലിനവസ്തുക്കളിൽനിന്നും പാഴ് വസ്തുക്കളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ടെക്നോളജി കണ്ടെത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി രണ്ടു ഗുണമാണുണ്ടാകുന്നത്. ഒന്ന്, വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കും. മറ്റൊന്ന് നഗരങ്ങളിൽ ഇന്ന് വലിയ പ്രശ്നമായിട്ടുള്ള മാലിന്യ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും. അതിപ്പോൾ ഒന്നുരണ്ട് കേന്ദ്രങ്ങളിൽ മാത്രമാണ് തുടങ്ങാൻ കഴിഞ്ഞിട്ടുള്ളത്. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ കേരളത്തിലെ വളരെ പ്രധാനപ്പെട്ട പട്ടണങ്ങളിൽ ഇത്തരം പദ്ധതികൾ ആസൂത്രണംചെയ്താൽ ആ മേഖലയിൽ നമുക്ക് കുറേക്കൂടി ഫലപ്രദമായി മുന്നോട്ടുപോകാൻ സാധിക്കുന്നതാണ്. കേരളത്തിന്റെ വൈദ്യുതി ആവശ്യം കണക്കിലെടുത്ത് ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികളും അതുപോലെതന്നെ മറ്റ് ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പരിപാടികളും നടപ്പിലാക്കുന്നതിനുവേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ, കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നിലപാടിനെതിരെ, മുന്നോട്ടുവരുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് ഈ കാളിംഗ് അറ്റൻഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച അതീവ ഗൗരവുള്ള ഈ പ്രശ്നം വളരെ പ്രാധാന്യത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്. സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യം നിറവേറ്റണമെന്നുണ്ടെങ്കിൽ ഊർജ്ജ മേഖലയിൽ ശാസ്ത്രീയമായ ഒരു സംവിധാനം ഉൽപ്പാദനരംഗത്ത് കൈവരിക്കേണ്ടതായിട്ടുണ്ട്. ഇതിനകം കേരളത്തിലെ ഊർജ്ജ മേഖലയിലെ സ്ഥാപിത ശേഷി ഗണ്യമായ വിധത്തിൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞതുവഴി ഈ രംഗത്ത് കൂടുതൽ നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കേരളത്തിന്റെ ഭാവി കണക്കിലെടുക്കുമ്പോൾ കൂടുതൽ വൈദ്യുതി കുറഞ്ഞ ചെലവിൽ ദീർഘകാലത്തേയ്ക്ക് ലഭ്യമാക്കിത്തീർക്കുക എന്നതിനായിരിക്കണം മുൻഗണന എന്ന് ഗവൺമെന്റ് കണക്കാക്കുകയാണ്. ദീർഘകാലത്തേയ്ക്ക് കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കുവാൻ കഴിയത്തക്കവിധത്തിൽ ഇന്ന് ഈ സംസ്ഥാനത്ത് ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന മാർഗ്ഗങ്ങളിൽ മുന്തിയ പരിഗണന ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചിട്ടുള്ള ജല വൈദ്യുത പദ്ധതികളുടെ കാര്യത്തിൽ നൽകുക എന്നതുതന്നെയാണ് അഭികാമ്യമായിട്ടുള്ളത്.

ജലവൈദ്യുതപദ്ധതികൾ നാം ആഗ്രഹിക്കുന്ന വിധത്തിൽ എളുപ്പത്തിൽ പ്രായോഗികമായി കൊണ്ടുപോകുന്നതിന് പലവിധത്തിലുള്ള തടസ്സ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും അനുഭവിച്ചിട്ടുള്ള ഈ സംസ്ഥാനത്തിന്റെ വളർച്ചക്കും പുരോഗതിക്കും പ്രയാസം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നത് സത്യവുമാണ്. കേരളം ആഗ്രഹിച്ചിരുന്നതും കേരളത്തിന്റെ വികസനത്തിൽ പ്രധാനപ്പെട്ടതുമായിരുന്നു സൈലന്റ് വാലി. അത് പല കാരണങ്ങളാലും നിഷേധിക്കപ്പെട്ടു. പകരം നിർദ്ദേശിക്കപ്പെട്ടതായിരുന്നു 240 മെഗാവാട്ടിന്റെ പുയംകുട്ടി. 1987 മാർച്ചിലാണ് കേന്ദ്ര വനമന്ത്രാലയത്തിന്റെ അനുമതിക്കുവേണ്ടി ഈ പദ്ധതി സമർപ്പിക്കപ്പെട്ടത്. വിവിധ ഘട്ടങ്ങളിൽ നടത്തിയിട്ടുള്ള ചർച്ചകളുടേയും എഴുത്തുകുത്തുകളുടേയും വിശദീകരണവുമൊക്കെയായി നീണ്ടുപോയ പുയംകുട്ടി പദ്ധതിക്കും അനുമതി നിഷേധിക്കുന്നു എന്നതാണ് 14.12.1999-ന് കേരള ഗവൺമെന്റിന് ലഭിച്ചിട്ടുള്ള കത്തിൽ കേന്ദ്രഗവൺമെന്റ് വ്യക്തമാക്കിയിട്ടുള്ളത്. ഇത് പുനഃപരിശോധനക്ക് വിധേയമാക്കണമെന്നും പുനർ ചിന്തനത്തിന് വിധേയമാക്കി പദ്ധതിക്ക് അനുമതി നൽകണമെന്നും വീണ്ടും സംസ്ഥാന ഗവൺമെന്റും ഇലക്ട്രിസിറ്റി ബോർഡും ആവശ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. അതിരപ്പള്ളി പദ്ധതിക്ക് (163 മെഗാവാട്ട്) ഗ്ലോബൽ ടെണ്ടർ വിളിച്ചുകഴിഞ്ഞു. അധികം താമസിയാതെ ടെണ്ടർ നടപടി പൂർത്തീകരിക്കുകയും അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചെങ്കുളം ആഗുമെന്റേഷൻ (84 മില്യൺ യൂണിറ്റ്) പദ്ധതിക്ക് വനം വകുപ്പിന്റെ ഒന്നാം ഘട്ട അനുമതി 27.1.2000-ന് ലഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളിൽ പ്രധാനപ്പെട്ട ഒന്നാണ് കുരിയാർകുറ്റി-കാരപ്പാറ പദ്ധതി. 1994 നവംബറിലാണ് പദ്ധതിയുടെ അനുമതിക്കായി സെൻട്രൽ ഗവൺമെന്റിന് സമർപ്പിച്ചത്. 1998 നവംബറിൽ പദ്ധതിയുടെ അനുവാദം നിഷേധിക്കപ്പെട്ടു. ഇതേത്തുടർന്ന് കെ.എസ്.ഇ.ബി. NATPAC എന്ന agency മുഖേന Environment Impact Assessment പഠനം 1999 ജൂലൈയിൽ പൂർത്തിയാക്കി. പുതുക്കിയ അപേക്ഷ പരിസ്ഥിതി വകുപ്പിന്റെ അനുമതിക്കായി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു. 22.12.1999-ൽ കേന്ദ്ര മന്ത്രിയെ നേരിൽ കണ്ട് അനുമതി തരണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. അധികം താമസിയാതെ തന്നെ അനുമതി നൽകാമെന്നാണ് കേന്ദ്രഗവൺമെന്റ് നൽകിയിട്ടുള്ള ഉറപ്പ്. അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് ഇനിയും ലഭിച്ചിട്ടില്ല. 100 മെഗാവാട്ടിന്റെ കുറ്റിയാടി അഡിഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ടെണ്ടർ നടപടി ഇതിനകം പൂർത്തീകരിച്ചുവരികയാണ്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അത് നൽകുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആ പദ്ധതിയെപ്പറ്റിയുള്ള public hearing കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് മുഖാന്തിരം നടത്തുവാനുള്ള നടപടിയും ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. ആ നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതിന് ടെണ്ടർ നടപടി പൂർത്തീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച മാനന്തവാടി (225 മെഗാവാട്ട്), കേരള ഭവാനി (150 മെഗാവാട്ട്), പമ്പ (35 മെഗാവാട്ട്) എന്നീ പദ്ധതികൾ അന്തർ സംസ്ഥാന ജലവിനിയോഗ തർക്കം പരിഹരിച്ചതിനുശേഷം മാത്രമേ കേന്ദ്ര ഗവൺമെന്റിനുമുന്നിൽ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. ഈ അടുത്തകാലത്ത് കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയെ കണ്ട് സംസാരിച്ച അവസരത്തിൽ ഇതുസംബന്ധിച്ച ഒരു നിർദ്ദേശം പരസ്പരം ചർച്ചയിലൂടെ ഉയർന്നുവന്നു. അന്തർ സംസ്ഥാന നദീജലതർക്ക പ്രശ്നങ്ങളുള്ള സ്ഥലങ്ങളിൽ സെൻട്രൽ ഗവൺമെന്റ് എൻ.ടി.പി.സി.യോ എൻ.എച്ച്.പി.സി.യോ വഴി ഊർജ്ജ സ്രോതസ്സുകൾ സ്ഥാപിച്ച് സംസ്ഥാനങ്ങൾക്ക് അതിന്റെ വിഹിതം നൽകുന്നകാര്യം ആലോചിക്കാമെന്ന് കേന്ദ്രം വാക്കാൽ സമ്മതിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണിക്കാവുന്ന ഒന്നായി ഗവൺമെന്റ് കണക്കാ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ചെറുകിട-വൻകിട പദ്ധതികളെ അപേക്ഷിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് ഉൽപ്പാദനക്ഷമമാക്കാൻ കഴിയുമെന്നതിന്റെ അടിസ്ഥാനത്തിൽ പല ഏജൻസികളുടേയും സാമ്പത്തികവും സാങ്കേതികവുമായിട്ടുള്ള സഹായം തേടുന്നതിന്റെ തുടർച്ചയിൽ ചൈനീസ് ഗവൺമെന്റിന്റെ തന്നെ നേരിട്ടുള്ള നിയന്ത്രണത്തിന് വിധേയമായിട്ടുള്ള ഏജൻസികളുടെ സാമ്പത്തിക-സാങ്കേതിക സഹായത്തോടെ 103 മെഗാവാട്ട് ശേഷിയുള്ള 18 ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിച്ചു വരികയാണ്. അതുപോലെ സംസ്ഥാനത്ത് ചെറുതും വലുതുമായ കൂടുതൽ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ ഇവിടുത്തെ ജലസ്രോതസ്സുകളെ പൂർണ്ണമായി ഉപയോഗപ്പെടുത്തി അനുയോജ്യമായ ആയിരത്തോളം മെഗാവാട്ട് വരുന്ന ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുക എന്ന ഉദ്ദേശത്തോടുകൂടി അവയുടെ ഡീറ്റെയിൽസ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, സമയബന്ധിതമായി പൂർത്തീകരിക്കാൻ ഒരു സ്പെഷ്യൽ ടീമിനെ നിശ്ചയിച്ചുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡിന് ഇതിനകം ഗവൺമെന്റ് നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്, അതിനനുസൃതമായ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ ഇപ്രകാരമുള്ള ചില പദ്ധതികൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നേര്യമംഗലം എക്സ്റ്റൻഷൻ (25 മെഗാവാട്ട്) പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. 10 മെഗാവാട്ടിന്റെ മലങ്കര പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച, നഗര മാലിന്യം ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള ടെക്നോളജി നമ്മുടെ സംസ്ഥാനം ഇതിനകം കൈവരിച്ചിട്ടുണ്ട്. അത് ഊർജ്ജോൽപ്പാദന മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിന് ഗവൺമെന്റ് ബോർഡിന് നിർദ്ദേശം നൽകുന്നതാണ്. കൂടാതെ കശുവണ്ടിയുടെ തൊണ്ടിൽനിന്ന് കുറഞ്ഞ ചെലവിൽ വൈദ്യുതി ഉൽപ്പാദിക്കാൻ കഴിയത്തക്കവിധത്തിലുള്ള ഒരു ടെക്നോളജി ഈ കഴിഞ്ഞ മാസം കണ്ടുപിടിച്ചിട്ടുണ്ട്. കൊല്ലം ജില്ല ആസ്ഥാനമായി, കശുവണ്ടി തൊണ്ടിൽനിന്നും ഊർജ്ജം ഉൽപാദിപ്പിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. അത് സംസ്ഥാനത്തിന് വളരെ പ്രയോജനം ലഭിക്കുന്ന ഒന്നാണ്. അത് കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭിക്കുന്ന ഒരു സാങ്കേതിക വിദ്യയാണ് എന്നാണ് പ്രഥമ പഠനത്തിലൂടെ ഗവൺമെന്റിന് ലഭ്യമായിട്ടുള്ള വിവരം. എല്ലാ ഊർജ്ജ സ്രോതസ്സുകളേയും പ്രയോജനപ്പെടുത്തിക്കൊണ്ട് കുറഞ്ഞ ചെലവിൽ ദീർഘകാലത്തേയ്ക്ക് സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യം നിറവേറ്റുന്നതിനുള്ള ശാസ്ത്രീയമായ ഒരു പ്ലാനിംഗ്, വരുന്ന പത്ത് വർഷക്കാലത്തേക്ക് ലക്ഷ്യംവച്ചുകൊണ്ട് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിട്ടുള്ള സ്പിരിറ്റിനോട് ഗവൺമെന്റ് യോജിക്കുകയാണ്.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : ഇപ്പോൾ എടുത്തിട്ടുള്ള ഊർജ്ജ നയം കേരളത്തെ എങ്ങനെയാണ് ബാധിക്കുക? അതിന്റെ പ്രത്യാഖ്യാതങ്ങൾ മനസ്സിലാക്കി, അതിനെ പ്രതിരോധിക്കാനുള്ള എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

<u>ശ്രീ. എസ്. ശർമ്മ</u> : കേന്ദ്ര ഗവൺമെന്റിന്റെ ക്യാബിനറ്റ് സാമ്പത്തിക കാര്യ ഉപസമിതി കഴിഞ്ഞ ആഴ്ചയിൽ എടുത്തിട്ടുള്ള തീരുമാനത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിയുന്നത് ഇപ്പോൾ സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിത

LIBRARY ARCHIVES Kerala Legislative Assembly

മായി നൽകിവരുന്ന പൂളിൽനിന്നുള്ള വൈദ്യുതി ലഭ്യമാക്കണമെന്നുണ്ടെങ്കിൽ മുൻകൂട്ടി പണം നൽകിയിരിക്കണം എന്നാണ്. മുൻകൂട്ടി പണം നൽകാതെ സംസ്ഥാനങ്ങൾക്ക് വൈദ്യുതി നൽകില്ലെന്നുള്ള സമീപനം കേന്ദ്രം സ്വീകരിച്ചിട്ടുള്ളതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. യഥാർത്ഥത്തിൽ മുൻകൂട്ടി പണം നൽകുക എന്നു പറഞ്ഞാൽ, മുൻകൂട്ടി ജനങ്ങളിൽനിന്ന് പണം പിരിച്ചു നൽകുക എന്നതിലേക്ക് ഒരിക്കലും പോകാൻ നമുക്ക് ആവുകയില്ല. കേന്ദ്ര ഗവൺമെന്റ് ഈ കാര്യത്തിലെടുത്തിരിക്കുന്ന നയത്തിൽ സംസ്ഥാന ഗവൺമെന്റിന് ജനങ്ങളോടുള്ള ഒരു യുദ്ധപ്രഖ്യാപനത്തിന്റെ സ്വഭാവം അടങ്ങിയിട്ടുള്ളതായി കാണാൻ സാധിക്കും. സംസ്ഥാനങ്ങൾക്കുകൂടി അർഹതപ്പെട്ട, അവകാശപ്പെട്ട ആനുകൂല്യം നിഷേധിച്ചത് ഊർജ്ജ മേഖല പൊതു ഉടമസ്ഥതയിൽനിന്നു മാറ്റി സ്വകാര്യവൽക്കരിക്കുക എന്ന തീവ്രമായ ശ്രമത്തിന്റെ തുടർച്ചയിൽ ഇൻഡ്യയിലെ ജനങ്ങളെ പിഴിഞ്ഞെടുത്ത്, ഇൻഡ്യയിലെ സമ്പന്നൻമാരുടെ സംരക്ഷണത്തിനുവേണ്ടി ആവിഷ്ക്കരിച്ചിരിക്കുന്ന ഒരു സാമ്പത്തിക നയത്തിന്റെ തുടർച്ചയായിട്ടാണ് കേരള ഗവൺമെന്റ് കാണുന്നത്. ഇതിനെതിരായി, യോജിച്ച ഒരു അഭിപ്രായം വളർന്നു വരികയും ഭരണതലത്തിലും മറ്റുമുള്ള ജനങ്ങളുടെ കൂട്ടായ ശക്തമായ എതിർപ്പ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ക്യാബിനറ്റ് ഉപസമിതി എടുത്തിട്ടുള്ള ഈ തീരുമാനം പിൻവലിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന മുഖ്യമന്ത്രി ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടേയും കേന്ദ്ര ഗവൺമെന്റിന്റേയും ശ്രദ്ധയിൽ ഇലക്ട്രിസിറ്റി ബോർഡ് ഈ പ്രശ്നം കൊണ്ടുവന്നിട്ടുണ്ട്. കൂട്ടായി കേരളം പ്രതികരിക്കേണ്ടുന്ന ഗൗരവതരമായ ഒരു പ്രശ്നമായിട്ടാണ് ഗവൺമെന്റ് ഇതിനെ കണക്കാക്കുന്നത്.

(ശ്രീമതി രാധാരാഘവൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്രവികസനത്തിനായി നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കപ്പെട്ടില്ല.) *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)*

IV. സബ്മിഷൻ

(1) കുവൈറ്റിൽ നിന്നും കോഴിക്കോട് വിമാനത്താവളത്തിൽ വന്നിറങ്ങിയ അഷറഫ് എന്ന ആൾ മരിക്കാനിടയായ സാഹചര്യം

ശ്രീ. പി.കെ.കെ. ബാവ : സർ, കുവൈറ്റിൽ ജോലി ചെയ്യുകയായിരുന്ന വടകര ഓർക്കാട്ടേരി സ്വദേശി മുഹമ്മദ് അഷറഫ് എന്ന ആൾ 22-3-2000-ത്തിന് രാവിലെ കോഴിക്കോട് വിമാനത്താവളത്തിൽ എത്തിച്ചേരുമെന്ന വിവരം ബന്ധുക്കൾക്ക് ലഭിച്ചതിനെത്തുടർന്ന് ഭാര്യയും മക്കളും അനുജനും നേരത്തേതന്നെ അവിടെ എത്തിച്ചേർന്നു. ഇൻഡ്യൻ എയർലൈൻസ് വിമാനത്തിൽ അദ്ദേഹം കൃത്യ സമയത്തുതന്നെ കോഴിക്കോട് വിമാനത്താവളത്തിൽ ഇറങ്ങുകയും ചെയ്തു. പക്ഷേ അദ്ദേഹത്തോടൊപ്പം യാത്ര ചെയ്തിരുന്ന പലരും കസ്റ്റംസ് ക്ലിയറൻസ് കഴിഞ്ഞ് പുറത്തുപോയിട്ടും അദ്ദേഹത്തെ കാണാതായപ്പോൾ ബന്ധുക്കൾ യാത്രക്കാരിൽ ഒരാളോട് അഷറഫ് വന്നിട്ടുണ്ടോയെന്ന് അന്വേഷിച്ചു. യാത്രക്കാരൻ പറഞ്ഞു, അദ്ദേഹം കസ്റ്റംസ് ക്ലിയറൻസുകാരോട് സംസാരിച്ചുകൊണ്ടിരിക്കുകയാണ്, ക്ലിയറൻസ് കഴിഞ്ഞാൽ എത്തും എന്ന്. ക്ലിയറൻസ് കഴിഞ്ഞില്ല എന്നാണ് പറഞ്ഞത്. ഇതിനിടയിൽ

LIBRARY ARCHIVES Kerala Legislative Assembly